**വിവരാവകാശം/മറുപടി**

നം. H2 - 20833/17(1)

സാമൂഹ്യ നിതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 31.05.2017
e-mail id swdkerala@gmail.com
Ph: 0471 2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്
തിരുവനന്തപുരം

ശ്രീമതി. ആനന്ദവല്ലി ഡി.
സങ്കേത്
ധനുവച്ചപുരം പി.ഒ
തിരുവനന്തപുരം - 695 503

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്:

സൂചന :- സംസ്ഥാന വികലാംഗ കമ്മീഷണറുടെ 584/14/S2/SCPWD തീയതി: 06.05.17 നമ്പർ കത്ത്

താങ്കളുടെ വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷയ്ക്ക് ഈ വകുപ്പുമായി ബന്ധപ്പെട്ട 4, 5, 11, 12, 13 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ചുവടെ ചേർക്കുന്നു.

4. അംഗപരിമിതരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് നടപ്പുവർഷം സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഒന്നാം ക്ലാസ് മുതൽ പി.ജി തലം വരെ സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്.
5. ഉണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അംഗപരിമിതരുടെ പെൺമക്കൾക്കും, അംഗപരിമിതരായ പെൺകുട്ടികൾക്കും വിവാഹധനസഹായമായി 10,000/- രൂപ അനുവദിക്കുന്നുണ്ട്. തുക 30,000/- രൂപയായി വർദ്ധിപ്പിക്കുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.
11. ഇക്കാര്യത്തിൽ സമയഇളവ് അനുവദിച്ചിട്ടില്ല.
12. 56 വയസ് എന്നാൽ 01.04.13-ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള ഭിന്നശേഷിക്കാരുൾപ്പെടെയുള്ള ജീവനക്കാർക്ക് പെൻഷൻ പ്രായം 60 ആയി നിജപ്പെടുത്തിയിട്ടുണ്ട്.
13. രണ്ട് വർഷവും ഒരു ദിവസവും പൂർത്തീകരിച്ച അംഗപരിമിതരായ സർക്കാർ ജീവനക്കാർക്ക് മിനിമം പെൻഷന് അർഹതയുണ്ട്. മിനിമം പെൻഷൻ 8500/- രൂപ.

മറ്റ് ചോദ്യങ്ങൾക്ക് താങ്കൾക്ക് നേരിട്ട് മറുപടി നൽകുന്നതിനായി താങ്കളുടെ അപേക്ഷയുടെ പകർപ്പ് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിട്ടുണ്ടെന്നറിയിക്കുന്നു.

മേൽപ്പറഞ്ഞ മറുപടിയിൽ ആക്ഷേപമുള്ള പക്ഷം മറുപടി ലഭ്യമായി 30 ദിവസത്തിനകം ചുവടെ ചേർക്കുന്ന വിലാസത്തിൽ അപ്പീൽ നൽകാവുന്നതാണ്.

**ശ്രീ. കെ. കെ. സുരേന്ദ്രകുമാർ**
**അപ്പലേറ്റ് അതോറിറ്റി & അഡീഷണൽ ഡയറക്ടർ,**
**സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം**

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർ

SK/17